"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - നോർത്ത് മലബാർ മീഡിയ പ്രന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിയുടെ കീഴിൽ പ്രസിദ്ധീകരിക്കുന്ന കണ്ണൂർ മെട്രോ ദിനപത്രത്തിന്റെ പ്രസ്സും അനുബന്ധ ഉപകരണങ്ങളും 2019 ആഗസ്ത് മാസം 8-ാം തീയതിയിലെ പ്രളയത്തിൽ നശിച്ചതിനെ തുടർന്ന് സ്ഥാപനത്തിനുണ്ടായ നാശനഷ്ടത്തിൽ മാനേജിംഗ് ഡയറക്ടർ ശ്രീ. എം.പി, മുരളീധരന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്. - സി) വകുപ്പ്**

സ.ഉ.(കൈ) നം.39/2025/RD    തീയതി, തിരുവനന്തപുരം, 14-02-2025

---

പരാമർശം:-

1. കണ്ണൂർ മെട്രോ സായാഹ്ന ദിനപത്രത്തിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. എം.പി. മുരളീധരന്റെ 30.10.2021 തീയതിയിലെ അപേക്ഷ.
2. 20.05.2024 തീയതിയിലെ കണ്ണൂർ ജില്ലാ കളക്ടറുടെ DCKNR/6160/2022-M2 നമ്പർ കത്ത്.

**ഉത്തരവ്**

നോർത്ത് മലബാർ മീഡിയ പ്രന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിയുടെ കീഴിൽ പ്രസിദ്ധീകരിക്കുന്ന കണ്ണൂർ മെട്രോ ദിനപത്രത്തിന്റെ പ്രസ്സും അനുബന്ധ ഉപകരണങ്ങളും 2019 ആഗസ്ത് മാസം 8-ാം തീയതിയിലെ പ്രളയത്തിൽ നശിച്ചതിനെ തുടർന്ന് സ്ഥാപനത്തിലെ മെഷിനറികൾ ഉൾപ്പെടെയുള്ള ആസ്തികളുടെ നഷ്ടം സംബന്ധിച്ച സാങ്കേതിക വിദഗ്ധരുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം 75,10,000/- (എഴുപത്തഞ്ചു ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട് എന്നും ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും നഷ്ടപരിഹാരമൊന്നും തന്നെ ലഭിച്ചിട്ടില്ല എന്നും പ്രളയ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്ക ണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം കണ്ണൂർ മെട്രോ സായാഹ്ന ദിനപത്രത്തിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. എം.പി. മുരളീധരൻ അപേക്ഷ സമർപ്പിച്ചിരുന്നു.

2 . 2019 ലെ പ്രളയത്തിൽ കണ്ണൂർ മെട്രോ പത്രത്തിന്റെ പ്രസ്സും അനുബന്ധ ഉപകരണങ്ങളും നശിച്ചതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് മുഖേന അന്വേഷണം നടത്തിയതിൽ സാങ്കേതിക വിദഗ്ധരുടെ പരിശോധന റിപ്പോർട്ട് പ്രകാരം 71,60,000/- രൂപയുടെ സ്ഥിരം ആസ്തികളും 3,50,000/- രൂപയുടെ പേപ്പർ റീലുകളും ഉൾപ്പെടെ സ്ഥാപനത്തിന് ആകെ 75,10,000/- (എഴുപത്തി അഞ്ച് ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയുടെ നാശനഷ്ടമുണ്ടായതായി അറിവായിട്ടുണ്ടെന്നും ഗുണഭോക്താവിന് സർക്കാരിൽ നിന്നും ധനസഹായം ഒന്നും തന്നെ ലഭ്യമായിട്ടില്ല എന്നും സ്ഥാപനത്തിന്റെ ഇൻഷ്വറൻസ് പോളിസി 06.06.2019 തീയതിക്ക് ശേഷം പുതുക്കാത്തതിനാൽ സ്ഥാപനത്തിന് ഇൻഷ്വറൻസ് ക്ലെയിം ലഭിച്ചിട്ടില്ലെന്നും പരാമർശം (2)

പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നോർത്ത് മലബാർ മീഡിയ പ്രന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിയുടെ കീഴിൽ പ്രസിദ്ധീകരിക്കുന്ന കണ്ണൂർ മെട്രോ സായാഹ്ന ദിനപത്രത്തിന്റെ പ്രസ്സും അനുബന്ധ ഉപകരണങ്ങളും, 2019 പ്രളയത്തിൽ നശിച്ചതിനെതുടർന്ന് സ്ഥാപനത്തിനുണ്ടായ നാശനഷ്ടത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും **5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം)** ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന തുകയായ **5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ തുക കണ്ണൂർ മെട്രോ സായാഹ്ന ദിനപത്രത്തിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. എം.പി. മുരളീധരന് നൽകേണ്ടതും, സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Signed by
Apsara T T
Date: 15-02-2025 10:24:39
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുഭരണ (എസ്.സി)വകുപ്പ് (12.02.25 ലെ
മന്ത്രിസഭായോഗ തീരുമാനം ഇനം.നമ്പർ 2709 പ്രകാരം)
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി) വകുപ്പുകൾക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 12-02-2025**

ഫയൽ നം. റവ-ഡി.ആർ.എഫ്.സി1/224/2022/റവ. ഇനം നം: 2709

വിഷയം : റവന്യൂ വകുപ്പ് - കണ്ണൂർ മെട്രോ സായാഹ്ന ദിനപത്രത്തിന്റെ പ്രസ്സും അനുബന്ധ ഉപകരണങ്ങളും 2019-ലെ പ്രളയത്തിൽ നശിച്ചതിന്റെ നഷ്ടപരിഹാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. അഞ്ചു ലക്ഷം രൂപ അനുവദിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saaraday

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

DS (DRF)

13/2
4.45pm

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

12709

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി.ആർ.എഫ്.-സി1/224/2022/റവന്യൂ |
| 2 | വകുപ്പ് | : | റവന്യൂ (ഡി.ആർ.എഫ്.-സി )വകുപ്പ്. |
| 3 | വിഷയം | : | റവന്യൂ വകുപ്പ്— കണ്ണൂർ മെട്രോ സായാഹ്ന ദിനപത്രത്തിന്റെ പ്രസ്സും അനുബന്ധ ഉപകരണങ്ങളും 2019 ലെ പ്രളയത്തിൽ നശിച്ചതിന്റെ നഷ്ടപരിഹാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിയ്ക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21.11.2024 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (II)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ, | : | ഉണ്ട് |
| 7 | കരട് കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ജയശ്രീ. റ്റി.കെ. |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.12.2024. |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദാ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08.02.2025. |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 10.02.2025. |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 11.02.2025. |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2019 ആഗസ്റ്റ് മാസം 8-ാം തീയതിയിലെ പ്രളയത്തിൽ നോർത്ത് മലബാർ മീഡിയ പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിയുടെ കീഴിൽ പ്രസിദ്ധീകരിക്കുന്ന കണ്ണൂർ മെട്രോ ദിനപത്രത്തിന്റെ പ്രസ്സും അനുബന്ധ ഉപകരണങ്ങളും നശിച്ചതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ടി പത്ര സ്ഥാപനത്തിന് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ കുറിപ്പ്

2. 2019 ആഗസ്റ്റ് മാസം 8-ാം തീയതിയിലെ പ്രളയത്തിൽ കണ്ണൂർ മെട്രോ സായാഹ്ന ദിനപത്ര സ്ഥാപനത്തിലെ മെഷിനറികൾ ഉൾപ്പെടെയുള്ള ആസ്തികളുടെ നഷ്ടം സംബന്ധിച്ച സാങ്കേതിക വിദഗ്ധരുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം 75,10,000/- (എഴുപത്തഞ്ചു ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട് എന്നും ഇൻഷുറൻസ് കമ്പനിയിൽ നിന്നും നഷ്ടപരിഹാരമൊന്നും തന്നെ ലഭിച്ചിട്ടില്ല എന്നും പ്രളയ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ടി സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. എം.പി. മുരളീധരൻ നിവേദനം സമർപ്പിച്ചിരുന്നു.

3. ദുരന്ത നിവാരണ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം അറിയിച്ചിട്ടുണ്ട്.

"നോർത്ത് മലബാർ മീഡിയ പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിയുടെ കീഴിൽ പ്രസിദ്ധീകരിക്കുന്ന കണ്ണൂർ മെട്രോ സായാഹ്നദിനപത്രത്തിന്റെ പ്രസ്സും അനുബന്ധ ഉപകരണങ്ങളും നശിച്ചതിന്റെ നഷ്ടപരിഹാരം നൽകുവാൻ ദുരന്ത പ്രതികരണ നിധി മാനദണ്ഡത്തിൽ വ്യവസ്ഥയില്ല എന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു".

4. 2019 പ്രളയത്തിൽ കണ്ണൂർ മെട്രോ പത്രത്തിന്റെ പ്രസ്സും അനുബന്ധ ഉപകരണങ്ങളും നശിച്ചതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് മുഖേന അന്വേഷണം നടത്തിയതിൽ സാങ്കേതിക വിദഗ്ധരുടെ പരിശോധന റിപ്പോർട്ട് പ്രകാരം 71,60,000/- രൂപയുടെ സ്ഥിരം ആസ്തികളും 3,50,000/- രൂപയുടെ പേപ്പർ റീലുകളും ഉൾപ്പെടെ സ്ഥാപനത്തിന് ആകെ 75,10,000/- രൂപയുടെ (എഴുപത്തിയഞ്ച് ലക്ഷത്തി പതിനായിരം രൂപ മാത്രം) നാശനഷ്ടമുണ്ടായതായി അറിവായിട്ടുണ്ടെന്നും ഗുണഭോക്താവിന് സർക്കാരിൽ നിന്നും ധനസഹായം ഒന്നും തന്നെ ലഭ്യമായിട്ടില്ല എന്നും സ്ഥാപനത്തിന്റെ ഇൻഷുറൻസ് പോളിസി 06.06.2019 തീയതിക്ക് ശേഷം പുതുക്കാത്തതിനാൽ സ്ഥാപനത്തിന് ഇൻഷുറൻസ് ക്ലെയിം ലഭിച്ചിട്ടില്ലെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. കൂടാതെ 2019 പ്രളയം സംബന്ധിച്ച ഷോപ്പ്സ് & എസ്റ്റാബ്ലിഷ്മെന്റ് സ്ഥാപനങ്ങൾക്കുള്ള ദുരിതാശ്വാസ പദ്ധതികൾ ഒന്നും തന്നെ പ്രഖ്യാപിക്കാത്തിനാൽ വ്യവസായ വകുപ്പ് മുഖേന ധനസഹായമൊന്നും നൽകിയിട്ടില്ലെന്ന് കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. 71,60,000/- രൂപയുടെ സ്ഥിരം ആസ്തികളും 3,50,000/- രൂപയുടെ പേപ്പർ റീലുകളും ഉൾപ്പെടെ സ്ഥാപനത്തിന് ആകെ 75,10,000/- രൂപയുടെ (എഴുപത്തിയഞ്ച് ലക്ഷത്തി പതിനായിരം രൂപ മാത്രം) നാശനഷ്ടമുണ്ടായതായി കാണുന്നു. മേൽ സാഹചര്യത്തിൽ നോർത്ത് മലബാർ മീഡിയ പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിയുടെ കീഴിൽ പ്രസിദ്ധീകരിക്കുന്ന കണ്ണൂർ മെട്രോ ദിനപത്രത്തിന്റെ പ്രസ്സും അനുബന്ധ ഉപകരണങ്ങളും 2019 പ്രളയത്തിൽ നശിച്ചതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന വിഷയത്തിൽ ഉചിത തീരുമാനത്തിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട കാര്യം

നോർത്ത് മലബാർ മീഡിയ പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനിയുടെ കീഴിൽ പ്രസിദ്ധീകരിക്കുന്ന കണ്ണൂർ മെട്രോ ദിനപത്രത്തിന്റെ പ്രസ്സും അനുബന്ധ ഉപകരണങ്ങളും 2019 ആഗസ്റ്റ് മാസം 8-ാം തീയതിയിലെ പ്രളയത്തിൽ നശിച്ചതിനെ തുടർന്ന് സ്ഥാപനത്തിനുണ്ടായ നാശനഷ്ടത്തിന്മേൽ ടി സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ, ശ്രീ. എം.പി. മുരളീധരന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാമോ? എങ്കിൽ എത്ര?